(3) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം

ശ്രീ. കെ. സി. ജോസഫ്: സർ, ഈ സഭയിലും സഭയ്ക്കുപുറത്തും കഴിഞ്ഞ കുറേ ദിവസങ്ങളായി ഏറ്റവും ചർച്ചാ വിഷയമായത് കർഷകരുടെ ആത്മഹത്യയാണ്. ഇന്നലെ കാർഷിക മേഖലയിലെ പുനരുദ്ധാരണത്തിനുവേണ്ടി ഒരു പാക്കേജ് പ്രഖ്യാപിക്കുന്നുണ്ടെന്നുപറഞ്ഞു. അത് സ്വാഗതാർഹമാണ്. കൃഷിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, നാശനഷ്ടമുണ്ടായാൽ സഹായിക്കുവാനുള്ള സംവിധാനമില്ല. ഇപ്പോഴത്തെ ഗവൺമെന്റ് മാർച്ച് മാസം 31-ാം തീയതി മുതൽ നഷ്ടപരിഹാരത്തുക ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. അതിനുമുമ്പ് ഒരു റബ്ബർ നശിച്ചാൽ കിട്ടുന്നത് 60 രൂപയാണ്. ഒരു കിലോ റബ്ബറിന്റെ വില 67 രൂപയാണ്. ഒരു വാഴ നശിച്ചാൽ കിട്ടുന്നത് 25 രൂപയാണ്. ഇങ്ങനെയുള്ള നാമമാത്രമായ നഷ്ടപരിഹാരം കൊടുക്കുന്നത് കൃഷിക്കാരനെ അവഹേളിക്കുന്നതിന് തുല്യമാണ്. ഇതിന് സമഗ്രമായ വിള ഇൻഷ്വറൻസ് സ്കീം ഇല്ലാതെ പരിഹാരം ഉണ്ടാവുകയില്ല. ഇന്ന് എല്ലാ ഇൻഷ്വറൻസ് കവറേജുമുണ്ട്. ഒരു വാഹനം അപകടമുണ്ടായാൽ അതിന് ഇൻഷ്വറൻസ് കവറേജുണ്ട്. കാർഷിക മേഖലയിലുള്ള ഈ പരിമിതമായ ഇൻഷ്വറൻസ് കവറേജ് വർദ്ധിപ്പിച്ചില്ലെങ്കിൽ ഈ പ്രശ്നം ഇന്നും നാളെയും ആവർത്തിക്കും. എനിക്ക് പറയുവാനുള്ളത്, ഒന്ന്, കാർഷിക മേഖലയ്ക്ക് പാക്കേജ് പ്രഖ്യാപിക്കുമ്പോൾ കൃഷിക്കാരനുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് തൃപ്തികരമായ പരിഹാരം ഉണ്ടാക്കുവാനുള്ള സമഗ്രമായ വിള ഇൻഷ്വറൻസ് സ്കീം പ്രഖ്യാപിക്കണം. രണ്ട്, ഇരിക്കൂർ മണ്ഡലത്തിൽ ഈ കഴിഞ്ഞ ആറുമാസത്തിനിടയിൽ ഏതാണ്ട് ഒരുകോടിരൂപയുടെ നാശനഷ്ടമുണ്ടായി. ഒൻപത് പഞ്ചായത്തിൽ കൃഷി ഭവനുകളുണ്ട്. കൊടുക്കുവാൻ സാധിക്കുന്നുണ്ടോ? ഒരു റബ്ബർ നശിച്ചാൽ കിട്ടുന്നത് 60 രൂപയാണ്. അതുപോലും ആറേഴ് മാസമായി കുടിശ്ശികയാണ്. ഇരിക്കൂർ മണ്ഡലത്തിലെ കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നൽകേണ്ട നഷ്ടപരിഹാരത്തുകയായ ഒരുകോടിരൂപ ഉടനെ നൽകണം. കണ്ണൂർ ജില്ലയിലെ കൃഷിക്കാർക്ക് നൽകേണ്ട രണ്ടരക്കോടി രൂപ ഉടനെ നൽകണം. അതിനുപുറമേ ഒരു സമഗ്ര വിള ഇൻഷ്വറൻസ് സ്കീം പുതിയ പാക്കേജിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

കൃഷിയും കയറും വകുപ്പുമന്ത്രിക്കുവേണ്ടി, റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, കണ്ണൂർ ജില്ലയിലെ ഇരിക്കൂർ മണ്ഡലത്തിൽ വരൾച്ചമൂലം 12,78,370 രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. അതിൽ 3,63,498 രൂപ കൊടുത്തുകഴിഞ്ഞു. ഇനി നൽകേണ്ടത് 9,04,872 രൂപയാണ്. ഇത് ഫുൾ ബഡ്ജറ്റ് പാസ്സായിക്കഴിഞ്ഞാൽ ഈ മാസംതന്നെ ലഭ്യമാക്കുവാൻ കഴിയും. അല്ലെങ്കിൽ first week of August. കാലവർഷത്തെ സംബന്ധിച്ച കൃഷിനാശത്തിൽ 1,89,492 രൂപയുടെ നഷ്ടമാണുണ്ടായത്. അതു മുഴുവൻ കൊടുക്കുവാനുണ്ട്. അതും ഫുൾ ബഡ്ജറ്റ് പാസ്സാക്കുമ്പോൾ കൊടുക്കാം. ബഹുമാനപ്പെട്ട ഗവർണ്ണർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അപ്രോപ്രിയേഷൻ ബില്ല് ഒപ്പിടണം. അതുകഴിഞ്ഞാൽ തുക റിലീസ് ചെയ്യാൻ കഴിയും. ബഹുമാനപ്പെട്ട മെമ്പർ ഇൻഷ്വറൻസ് സംബന്ധിച്ച് പറഞ്ഞു. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമുക്ക് രണ്ട് തരത്തിലുള്ള ഇൻഷ്വറൻസ് നിലവിലുണ്ട്. ഒന്ന്, സംസ്ഥാന വിള ഇൻഷ്വറൻസ് സ്കീം. അതിൽ 25 ഇനം കൃഷികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതൊക്കെ natural calamities വരുമ്പോൾ കൊടുക്കുന്ന സഹായമാണ്. Income തകർച്ച വരുമ്പോൾ, വിലത്തകർച്ച വരുമ്പോൾ ഇൻഷ്വറൻസ് കവറേജ് അതിൽ ഇല്ലെന്നാണ് എന്റെ അറിവ്. കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം ഇതുപോലുള്ള കൃഷി ഇൻഷ്വറൻസ് പദ്ധതിയുണ്ട്. നെല്ല്, മരച്ചീനി, വാഴ, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ ഇതുമാത്രമാണ്. അതിലും എല്ലാ കൃഷികളുമില്ല. ഇൻകം തകർച്ച വരുമ്പോൾ അതിന് കവറേജില്ല. അത് ഏറ്റവും ആവശ്യമായിട്ടുള്ളതാണ്. നാച്വറൽ കലാമിറ്റീസ് ഡാമേജ് മാത്രംപോര. വിലത്തകർച്ചയുണ്ടാകുന്നതിൽ നിന്നുള്ള പരിരക്ഷയാണ് ഏറ്റവും ആവശ്യം. ആ നിലയിലേയ്ക്ക് ഇൻഷ്വറൻസ് സ്കീം വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. അതിന്റെ നെറ്റ് വർദ്ധിപ്പിക്കണം. അത് ആധുനിക യുഗത്തിനനുസരിച്ച് പരിഷ്കരിക്കണം. നാഷണലൈസ്ഡ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ എത്രയോ പണമാണുള്ളത്. അതുകൊണ്ട് നമുക്ക് ഇത് tap ചെയ്യാൻ കഴിയണം. ബഹുമാനപ്പെട്ട കെ. സി. ജോസഫ് വളരെ പ്രാധാന്യം നൽകി പറഞ്ഞത് ഗവൺമെന്റ് പരിഗണിക്കും. പാക്കേജിന് രൂപംകൊടുക്കുമ്പോൾ ഈ വിഷയംകൂടി പരിഗണിക്കുന്നതാണ്.

(4) ശ്രീകൃഷ്ണപുരം ഈശ്വരമംഗലം മഹാഗണപതിക്ഷേത്രത്തിലെ പാത്രങ്ങളും മറ്റും നഷ്ടപ്പെട്ടത് സംബന്ധിച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ദേവാലയ മോഷണങ്ങളും വിഗ്രഹ കവർച്ചകളും പെരുകിക്കൊണ്ടിരിക്കുകയാണ്. പ്രസിദ്ധമായ ശ്രീകൃഷ്ണപുരം ഈശ്വരമംഗലം മഹാഗണപതിക്ഷേത്രത്തിലെ പാത്രങ്ങൾ നഷ്ടപ്പെട്ടിരിക്കുകയാണ്. ഏകദേശം 90,000 രൂപ വിലവരുന്ന പാത്രങ്ങൾ വിവാഹ ആവശ്യത്തിനാണെന്നുപറഞ്ഞ് വാടകയ്ക്കെടുത്തത് വിറ്റു കബളിപ്പിക്കപ്പെട്ടിരിക്കുകയാണ്. 11-5-2004-ൽ വാടകയ്ക്കെടുത്ത പാത്രങ്ങൾ രണ്ട് ദിവസമായിട്ടും തിരിച്ചുകിട്ടാതെ വന്നപ്പോൾ പോലീസിൽ പരാതിപ്പെട്ടു. പത്രത്തിൽ വാർത്തവന്നപ്പോൾ പാലപ്പുറത്തുള്ള കല്യാണമണ്ഡപത്തിന്റെ ഉടമ 10,000 രൂപയുടെ പാത്രങ്ങൾ തിരിച്ചേൽപ്പിക്കുകയുണ്ടായി. പോലീസിന് പരാതികൊടുത്തെങ്കിലും രണ്ട് മാസമായിട്ടും അതിന്മേൽ നടപടിയുണ്ടായില്ല. ക്ഷേത്രം വക പാത്രങ്ങൾ വാടകയ്ക്കെടുത്തിട്ട് വിശ്വാസവഞ്ചനകാണിച്ച് ചതി നടത്തിയവർക്കെതിരെ ഒരു കേസ്സുപോലും എടുത്തില്ലെന്നാണ് അവിടത്തെ ഭക്തജനങ്ങളും മറ്റുള്ളവരും പറയുന്നത്. ഇത് ഭക്തജനങ്ങൾക്ക് ഉത്കണ്ഠ ഉണ്ടാക്കുകയാണ്. ദേവസ്വം ബോർഡിന്റെ വിലപിടിപ്പുള്ള പാത്രങ്ങൾ കണ്ടെത്തി ക്ഷേത്രത്തിലേയ്ക്ക് തിരിച്ചേൽപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.